# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3586

10/04/2013 - ലെ മറുപടിയ്ക്ക്

## 'വരുമാനഭദ്രത' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷകർക്കു സഹായം നൽകുന്നതിന് 'വരുമാനഭദ്രത' എന്ന പദ്ധതിക്കു രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) 2012-ലെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ തിരഞ്ഞെടുത്ത വിളകൾക്ക് 'വരുമാന ഭദ്രത' പദ്ധതി ആരംഭിക്കും എന്നു പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാനത്തെ തിരഞ്ഞെടുത്ത വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് അവയിലൂടെ വരുമാന ഭദ്രത ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. കാർഷിക വിളകൾക്ക് പ്രകൃതിക്ഷോഭം അനിയന്ത്രിതമായ കീടരോഗബാധകൾ, വിലയിടിവ് എന്നിവ മൂലം കനത്ത നഷ്ടം നേരിടുമ്പോൾ കർഷകന് നഷ്ടം സംഭവിക്കാതെ ചെറിയൊരു ശതമാനമെങ്കിലും വരുമാനം ഉറപ്പു വരുത്തുന്ന വിധത്തിൽ സഹായം നൽകുകയാണ് പദ്ധതി ലക്ഷ്യം. |
| (സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇതു നടപ്പാക്കുന്നത് ; വിശദമാക്കുമോ; | (സി) ഈ പദ്ധതിയിൽ ഏജൻസികളെ ഒഴിവാക്കി കൃഷി വകുപ്പ് നേരിട്ട് നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) പദ്ധതി സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ